51. ഡോ. ടി. എം. തോമസ് ഐസക്

52. ശ്രീ. ഇ. കെ. വിജയൻ

53. ശ്രീ. കെ. വി. വിജയദാസ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ : ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച ഭേദഗതി പിൻവലിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ - 68

പ്രതികൂലിക്കുന്നവർ - 53

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഭേദഗതി സഭ പിൻവലിച്ചിരിക്കുന്നു.

ക്രമപ്രശ്നം

10.38 AM]

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ധനകാര്യത്തിലേക്ക് കടക്കുന്നതിനുമുമ്പ് Rule- 8 അനുസരിച്ച് ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. നമ്മുടെ സഭയ്ക്ക് സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറുമുണ്ട്. Rule-8 ഡെപ്യൂട്ടി സ്പീക്കറെ സംബന്ധിച്ചുള്ളതാണ്. മൂന്ന് മാസത്തിലധികമായി ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം ഒഴിഞ്ഞുകിടക്കുകയാണ്. നാളെ സഭയുടെ സമ്മേളനം അവസാനിക്കുവാൻ പോകുകയാണ്. ഇങ്ങനെയൊരു സ്ഥിതിവിശേഷം കേരള നിയമസഭയുടെ ചരിത്രത്തിലിതുവരെ ഉണ്ടായിട്ടില്ല. ഇത് ചട്ടവിരുദ്ധമാണ്. ഡെപ്യൂട്ടി സ്പീക്കറെ തെരഞ്ഞെടുക്കാത്തതെന്തുകൊണ്ടാണ്? ഒരു ഭരണഘടനാ സ്ഥാപനത്തെ ഇല്ലാതാക്കിയിരിക്കുകയാണ്. യു.ഡി.എഫ്.-ലുള്ള അഭിപ്രായ വ്യത്യാസം കാരണം ഈ സീറ്റ് വേക്കന്റായി കിടക്കുകയാണ്. പ്രതിപക്ഷ നേതാവിരിക്കുന്നതിനടുത്ത സീറ്റിലാണ് ഡെപ്യൂട്ടി സ്പീക്കർ എപ്പോഴും ഇരിക്കുന്നത്. അങ്ങിവിടെ ഇരുന്നപ്പോൾ ഒരു അലങ്കാരമായിരുന്നു, ഇപ്പോൾ ഇവിടെ ആളില്ല.

മി. സ്പീക്കർ : അങ്ങയുടെ പരാമർശത്തിന് പ്രത്യേകം നന്ദി.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഡെപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പ് നടത്തുമോണ്ടോ; അത് നാളെ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; അതോ ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം വേണ്ടെന്നുവച്ചിരിക്കുകയാണോ? എന്താണ് സർക്കാർ നിലപാടെന്നുള്ളത് വ്യക്തമാക്കണം. അക്കാര്യം സഭയ്ക്കറിയണം.

LIBRARY ARCHIVES Kerala Legislative Assembly

10.39 AM]

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം അങ്ങനെ സ്ഥിരമായി ഒഴിഞ്ഞുകിടക്കില്ല. സമയത്തുതന്നെ തെരഞ്ഞെടുപ്പ് നടക്കും. അങ്ങത് ഓർത്ത് വിഷമിക്കരുത്. കാരണം, നിങ്ങൾക്കുതന്നെ ധാരാളം പ്രശ്നങ്ങളുണ്ട്. അക്കൂട്ടത്തിൽ ഞങ്ങളുടെ കാര്യവുംകൂടി ഓർത്ത് പ്രത്യേകം ദുഃഖിക്കരുത്. ശ്രീ. എൻ. ശക്തൻ ആ സീറ്റിൽ ഇരുന്നപ്പോൾ അങ്ങേക്ക് നേരിട്ട് കാണാൻ കഴിയില്ലായിരുന്നു. ഇപ്പോൾ അങ്ങേക്ക് നേരിട്ട് കാണാം. അതുകൊണ്ട് അത് കൂടുതൽ ഐശ്വര്യമായിരിക്കും.

10.39 AM]

മി. സ്പീക്കർ : ഒരു കാര്യം ചെയർ പ്രത്യേകം എടുത്തുപറയുകയാണ്. ഇന്നവരെത്തെ ബിസിനസ്സുംകൂടി ഇന്നത്തെ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് ഇന്ന് വളരെയധികം സമയം നമുക്കാവശ്യമുണ്ട്. ധനകാര്യം കഴിഞ്ഞതിനുശേഷം രണ്ട് ബില്ലുകളുണ്ട്. അതുകൊണ്ട് സംസാരിക്കുന്ന അംഗങ്ങൾ വളരെ ചുരുക്കി സംസാരിക്കണമെന്ന് ചെയർ പ്രത്യേകം അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട അംഗങ്ങൾക്കും മാദ്ധ്യമ പ്രവർത്തകർക്കും ഉച്ചഭക്ഷണത്തിനും വൈകുന്നേരത്തെ ചായയ്ക്കുമുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്. അക്കാര്യവും പ്രത്യേകം അറിയിക്കുന്നു.

XI. ധനകാര്യം

2015-2016 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

10.40 AM]

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9 കോടി രൂപയുടെയും നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 58,52,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, കാർഷികാദായനികുതിയും വില്പനനികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2 കോടി രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly